ടുത്ത് ഫിഷറീസ് വകുപ്പുതന്നെ ചുരുങ്ങിയ വിലയ്ക്ക് നാട്ടിൻപുറത്തെ സാധാരണക്കാർക്ക് മേൽത്തരം മത്സ്യം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ആ ചോദ്യം ഇതിൽ വരുന്നതല്ല. ഇപ്പോൾ കൊച്ചിയിൽ തുറന്നിട്ടുള്ള ഒരു ഐസ് പ്ളാന്റ് വഴി രാജ്യത്തിന്റെ എല്ലാ ഭാഗത്തും ആദ്യം 180 ബൂത്തുകൾ തുടങ്ങാൻ നടപടി എടുത്തിട്ടുണ്ട്. അതിൽ 22 ബൂത്തുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 120 ബൂത്തുകൾകൂടി പ്രവർത്തനമാരംഭിക്കാൻ എടുത്തുകൊണ്ടിരിക്കുകയാണ്. 600 ടൺ കപ്പാസിറ്റിയുള്ള കോൾഡ് സ്റ്റോറേജാണ് ഉദ്ഘാടനം ചെയ്തുകഴിഞ്ഞത്. അവിടെനിന്ന് കേരളത്തിന്റെ എല്ലാ ഭാഗത്തേയ്ക്കും ഇപ്പോൾ ആരംഭിച്ചതും ഇനി തുടങ്ങാൻ പോകുന്നതുമായ ബൂത്തുകളിലേയ്ക്ക് വില കുറഞ്ഞതും കേടുകൂടാത്തതുമായ നല്ല മത്സ്യം സുലഭമായി ലഭിക്കാനുള്ള ഒരു ഏർപ്പാട് ഉണ്ടാക്കുന്നുണ്ട്. ഇതിന്റെ ഫലമായി മാലിന്യങ്ങളൊന്നുമില്ലാത്ത ശുദ്ധമത്സ്യം വിതരണം ചെയ്യാൻ സാധിക്കും.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : പഴകിയതും ഉപയോഗശൂന്യവുമായ മത്സ്യങ്ങൾ വിൽക്കുന്നത് കണ്ടുപിടിക്കുന്നതിനും അവ നശിപ്പിക്കുന്നതിനും നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക സംവിധാനമേർപ്പെടുത്തുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഫുഡ് ഇൻസ്പെക്ടർമാർക്ക് എല്ലാ സാധനവും പരിശോധിച്ച് ആറുമാസംവരെ ശിക്ഷിക്കാനുള്ള നിയമമുണ്ട്. ഞാൻ ആഭ്യന്തരവകുപ്പുമന്ത്രി ആയിരുന്നപ്പോൾ എന്റെ അളിയനെ വരെ ആറുമാസത്തേയ്ക്ക് ശിക്ഷിച്ചിട്ടുണ്ട്. ഹാർട്ട് അറ്റാക്കിന് വൈദ്യോപദേശപ്രകാരം വെള്ളം ചേർത്ത പാൽ കുടിക്കാനായിട്ട് കടയിൽ വച്ചിരുന്നു. പക്ഷെ, ഫുഡ് ഇൻസ്പെക്ടർ വന്നപ്പോൾ അവർ തമ്മിൽ തെറ്റി വർത്താനം പറഞ്ഞു. അതു കാരണം ശിക്ഷിച്ച് ആറുമാസത്തേയ്ക്ക് ജയിലിൽപ്പോയി കിടന്നു. ആഭ്യന്തരവകുപ്പുമന്ത്രിയുടെ അളിയനൊന്നും അവിടെ പ്രശ്നമായിരുന്നില്ല. ശിക്ഷിക്കാനുള്ള നിയമമുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ ആദ്യവിൽപ്പനയ്ക്കുള്ള അവകാശം ഇപ്പോൾ ഇടനിലക്കാർക്കാണ്. അത് മാറ്റി ഈ അവകാശം മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ആദ്യത്തെ ചോദ്യത്തിന്റെ മറുപടിയിൽ അത് വരും. ആദ്യവിൽപ്പനയുടെ അവകാശം മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാനായിട്ട് നിയമനിർമ്മാണംതന്നെ നടത്താൻ പോവുകയാണ്.

2 (*456) മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എ. കണാരൻ :

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് മത്സ്യമേഖലയെ ആശ്രയിച്ചു ജീവിക്കുന്ന ജന സമൂഹത്തിന്റെ ജീവിതഭദ്രത ഉറപ്പുവരുത്തുന്നതിന് ഒൻപതാം പദ്ധതിയിൽ എന്തെങ്കിലും കാര്യങ്ങൾ വിഭാവനം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ പദ്ധതികളാണ് പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(സി) ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യത്തൊഴി ലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള ക്ഷേമപ്രവർത്തന ങ്ങൾക്കു പ്രാധാന്യം നൽകി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കു ന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃ ഷ്ണൻ) :

(എ) ഉണ്ട്.

(ബി) മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഉല്പാ ദന വർദ്ധനവിന്റെ പ്രയോജനം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതി നുള്ള നടപടികൾ, മത്സ്യബന്ധനോപകരണങ്ങളുടെ ഉടമാവകാശം മത്സ്യ ത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്നതിനും വിപണനരംഗത്ത് ആദ്യവിൽപ്പന യ്ക്കുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുള്ള സമഗ്ര മായ ചില പരിഷ്കരണത്തിനുള്ള നടപടികൾ പൊതുജനപങ്കാളിത്തത്തോടെ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള നടപടികൾ, മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സേവ നപദ്ധതികൾ മുതലായവ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇപ്പോൾത്തന്നെ നടപ്പാക്കുന്നുണ്ട്.

(ഡി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായ ത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതി, 10-ാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരമുള്ള ഭവനനിർമ്മാണ, കുടിവെള്ള വിതരണപദ്ധതികൾ, മത്സ്യത്തൊഴി ലാളി ക്ഷേമനിധി ബോർഡ് വഴിയുള്ള വിവിധ ക്ഷേമപദ്ധതികൾ, വിദ്യാഭ്യാ സാനുകൂല്യങ്ങൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

ശ്രീ. ജി. സുധാകരൻ : മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതി നായി തീരജ്യോതി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. അതിന്റെ പുരോഗതിയെപ്പറ്റി വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : തീരജ്യോതി പദ്ധതി കഴിഞ്ഞ രണ്ടു വർഷക്കാലമായി നടപ്പാക്കിവരികയാണ്. അതിന് ബഡ്ജറ്റിൽ 35 ലക്ഷം രൂപ ആദ്യം വകയിരുത്തിയിരുന്നു. ഈ പദ്ധതിപ്രകാരം ആയിരം വീടുകളിൽ ഒരു ബൾബ് വീതം നൽകുന്നതിനുവേണ്ടി ലൈൻ വലിച്ചുകഴിഞ്ഞാൽ അതിന് മുൻഗണന കൊടുക്കാൻ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽ നിന്ന് ഉത്തരവും പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്. അത് ഇക്കൊല്ലവും നടപ്പാക്കിയിട്ടുണ്ട്. അടുത്ത വർഷത്തേയ്ക്കും ഈ പദ്ധതി തുടരുന്നതാണ്.

ശ്രീ. ജി. സുധാകരൻ : മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യം സുഗമമായി കൊണ്ടുപോകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള തീരദേശ ഫിഷ റീസ് റോഡുകളുടെ നിർമ്മാണം പുരോഗതിയിലേയ്ക്ക് കൊണ്ടുപോകുന്നതി നായി മത്സ്യവകുപ്പിനെ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ : പത്താം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ കഴിഞ്ഞപ്രാവശ്യം 146 തീരദേശ റോഡുകളുടെ പണി പൂർത്തിയായി. ആ പദ്ധതി തുടരുന്നുണ്ട്. എം.എൽ.എ. മാരാണ് ആ റോഡുകളുടെ ലിസ്റ്റ് തരുന്നത്. അതനുസരിച്ച് എടുക്കാവുന്നവ എടുക്കുകയും അതിന്റെ പണി നടത്തുകയും ചെയ്യുന്നുണ്ട്.

ശ്രീ. എ. കണാരൻ : അങ്ങ് ഇവിടെ ചോദ്യത്തിന് മറുപടിയായിട്ട് പറഞ്ഞു. പൊതുജനപങ്കാളിത്തത്തോടുകൂടി മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പരിപാടികൾ അതുപോലെ തന്നെ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സേവനപദ്ധതികൾ മുതലായവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന്. അതിന്റെ വിശദാംശങ്ങൾ ദയവായി വെളിപ്പെടുത്തുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : വിശദാംശങ്ങൾ എന്നുപറയുമ്പോൾ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാനായിട്ടുള്ള പദ്ധതികളെക്കുറിച്ചാണ് ഞാൻ ആദ്യം പറഞ്ഞത്. ചൂഷണത്തിന്റെ ഫലമായി നശിച്ചുകൊണ്ടിരിക്കുന്ന മത്സ്യസമ്പത്ത് സംരക്ഷിക്കാനും മത്സ്യത്തിൽനിന്നും ലഭിക്കുന്ന ആകെയുള്ള വരുമാനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണ് 'മത്സ്യജന്യ കൃഷി വിത്ത് വിതയ്ക്കൽ പദ്ധതി'. 110 ലക്ഷംരൂപ ചെലവാക്കി വിവിധ അഴിമുഖങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഉൾനാടൻപ്രദേശങ്ങളിൽ 85 ലക്ഷം മത്സ്യവിത്തും 6.5 ലക്ഷം ആറ്റുകൊഞ്ചും ഉൾനാടൻപ്രദേശങ്ങളിൽ വിതരണം ചെയ്തുകഴിഞ്ഞു. കടലിൽ കൃത്രിമപ്പാർ നിർമ്മിക്കാനുള്ള ഒരു പദ്ധതി നടപ്പാക്കിവരുന്നു. ജനകീയ മത്സ്യക്കൃഷിയുടെ ഭാഗമായി പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മത്സ്യക്കുഞ്ഞുങ്ങളെയും ഫ്രീയായി തീറ്റയും കൊടുത്ത് ഈ പദ്ധതി നടപ്പാക്കിവരുന്നു. ചെറിയ വിത്തുൽപ്പാദനകേന്ദ്രങ്ങളെ വികസിപ്പിച്ചുകൊണ്ട് മത്സ്യവും ചെമ്മീനും വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കിവരുന്നു. കുട്ടനാടൻ ചെമ്മീൻക്കൃഷി പദ്ധതി നടപ്പാക്കിവരുന്നുണ്ട്. സർക്കാർ നിലങ്ങളിൽ ചെമ്മീൻക്കൃഷി നടത്താനുള്ള പദ്ധതി നടപ്പാക്കിവരുന്നു. അലങ്കാര മത്സ്യക്കൃഷിയിലൂടെ പത്തിരുപത്തി അയ്യായിരം സ്ത്രീത്തൊഴിലാളികൾക്ക് പുതിയതായി പണി കൊടുക്കത്തക്കവിധത്തിൽ ആ ഉദ്ദേശ്യത്തോടുകൂടി അലങ്കാര മത്സ്യക്കൃഷിയിൽ 566 സ്ത്രീകൾക്ക് പരിശീലനം കൊടുത്തുവരികയാണ്. ജല സംഭരണികളിൽ മത്സ്യകൃഷി നടത്താനും അതിൽ മത്സ്യം വളർത്തിയെടുക്കാനുമായിട്ടുള്ള പദ്ധതി നടപ്പാക്കിവരുന്നു. മത്സ്യബന്ധനത്തിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നതിന് നിയമനിർമ്മാണം നടത്തി റൂൾസ് തയ്യാറാക്കി വരുകയാണ്. റിസോഴ്സസ് മാനേജ്മെന്റ് സൊസൈറ്റിയിൽനിന്ന് പുതിയതായി മത്സ്യസമ്പത്ത് കണ്ടുപിടിക്കുന്നതിനുവേണ്ടി വിദഗ്ദ്ധൻമാരുടെ ഒരു സൊസൈറ്റിയുണ്ടാക്കി എറണാകുളം കേന്ദ്രമാക്കി പ്രവർത്തിച്ചുവരികയാണ്. ഇത്രയും കാര്യങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എ. കണാരൻ : ഇവിടെ 'ഡി' ചോദ്യത്തിനുള്ള മറുപടിയിൽ അങ്ങ് പറഞ്ഞത് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതി-അതായത് ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഭവനനിർമ്മാണ-കുടിവെള്ള വിതരണ പദ്ധതികളും വിദ്യാഭ്യാസാനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയാണ് കൊടുക്കുന്നത്. എന്നാൽ ഈ വിധത്തിലുള്ള ആനുകൂല്യങ്ങൾ ഏതെല്ലാം ജില്ലകളിൽ എത്രപേർക്ക് എങ്ങനെയെല്ലാമാണ് നടപ്പിൽ വരുത്തി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുള്ളത്; അതുസംബന്ധിച്ച് ഭാവിയിൽ നടപ്പിൽ വരുത്താനുള്ള സംവിധാനം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇവിടെ ചോദിച്ചിട്ടുള്ള ചോദ്യത്തിൻ മേൽ മറ്റൊരുചോദ്യം ചോദിച്ചാൽ അതിന് വ്യക്തമായ ഒരു മറുപടി തരാൻ കഴിയുമായിരുന്നു. മൊത്തം ഈ പദ്ധതി നടപ്പാക്കുന്നുണ്ട് എന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. ഏതൊക്കെ ജില്ലകളിലാണ് എത്രപേർക്കാണ് ഇതിന്റെ ആനുകൂല്യങ്ങൾ നല്കിയിട്ടുള്ളതെന്നൊക്കെ ചോദിച്ചാൽ മറുപടി പറയണമെങ്കിൽ പ്രത്യേക നോട്ടീസ് വേണം. അതില്ലാതെ മറുപടി പറയാൻ കഴിയുകയില്ല.

ശ്രീ. എം.വി. ജയരാജൻ : മത്സ്യവിൽപ്പന തൊഴിലാളികളെയും ക്ഷേമനിധി ബോർഡിന്റെകീഴിൽ കൊണ്ടുവരാനും അവർക്കും ക്ഷേമനിധിയിൽനിന്നും ആനുകൂല്യങ്ങൾ നല്കാനും വേണ്ടി കഴിഞ്ഞ നിയമസഭയിൽ നിയമനിർമ്മാണം നടത്തിയതാണ്. മത്സ്യവിൽപ്പന തൊഴിലാളികൾക്ക് കൂടി ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ ലഭിക്കാനായി ഗവണ്മെന്റ് പദ്ധതികൾ ആവിഷ്കരിച്ചുകഴിഞ്ഞിട്ടുണ്ടോ; പ്രായോഗികമായി എന്നുമുതൽ ആ പദ്ധതി നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളുടെ ഗുണം വിപണനമേഖലയിലെ തൊഴിലാളികൾക്ക് കിട്ടിയിരുന്നില്ല. അത് അവർക്കുകൂടി കിട്ടുന്നതിനുള്ള നിയമനിർമ്മാണമാണ് നടത്തിയത്. ഇനി അതിന്റെ റൂൾസ് എല്ലാം ഉണ്ടാക്കി പ്രായോഗികമാക്കുന്നതിനുള്ള നടപടികളെടുക്കണം. ആ നടപടികൾ എടുത്തുവരുന്നതേയുള്ളൂ.

ശ്രീ. എം.വി. ജയരാജൻ : പത്താം ധനകാര്യകമ്മീഷന്റെ ശുപാർശപ്രകാരം ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും വീട് നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതി ഇപ്പോൾ നടപ്പാക്കിവരികയാണ്. ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് ഇന്ന് കേരളത്തിലുള്ളത്; അവരിൽ എത്രപേർക്ക് ഇതിനോടകം വീട് നിർമ്മിച്ചുകൊടുത്തു; ഈ ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അക്കാര്യമാണ് ഞാൻ ശ്രീ. കണാരന്റെ ചോദ്യത്തിനുള്ള മറുപടിയായി പറഞ്ഞത്.

മി. സ്പീക്കർ : അത് മതി. അതിനെക്കുറിച്ച് പ്രത്യേക നോട്ടീസ് വേണമെന്നാണ് നേരത്തെ പറഞ്ഞത്.

ശ്രീ. കെ. ബാബു : പഞ്ചമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി നടപ്പാക്കുന്ന ആശ്വാസപദ്ധതികളുടെ ഭാഗമായിട്ടുള്ള സമ്പാദ്യ ആശ്വാസപദ്ധതി ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ഉൾനാടൻ മത്സ്യമേഖലയ്ക്കും അതുപോലെ സ്ത്രീത്തൊഴിലാളികൾക്കും ഇപ്പോൾ ലഭിക്കുന്നില്ല. അതുകൊണ്ട് ഉൾനാടൻ മത്സ്യമേഖലയിലും സ്ത്രീത്തൊഴിലാളികൾക്കും ആശ്വാസപദ്ധതിയുടെ ആനുകൂല്യം നല്കുന്നതിന് ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഈ ഗവണ്മെന്റ് അധികാരത്തിൽ വരുന്നതിനുമുൻപുതന്നെ കേന്ദ്രഗവണ്മെന്റ് ഈ പദ്ധതി നിർത്തലാക്കി. ആ പദ്ധതി തുടർച്ചയായി നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിൽ നിവേദനം കൊടുത്തു. ആ പദ്ധതി തുടരാനായിട്ടുള്ള ഉത്തരവ് കിട്ടി. പക്ഷേ അത് സ്ത്രീകൾക്കും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുംകൂടി ബാധകമാക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ള ഒരു നിർദ്ദേശം നമ്മുടെ ഭാഗത്തുനിന്നുമുണ്ടായിരുന്നു. എന്നാൽ അത് നടപ്പാക്കിയിട്ടില്ല. അത് നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെന്റ് അനുമതി തരണം. കേന്ദ്രഗവണ്മെന്റിന്റെ പണവും തത്തുല്യമായി സംസ്ഥാന ഗവണ്മെന്റിന്റെ പണവും ചേർത്താണ് ഈ പദ്ധതി നടപ്പാക്കുന്നത്. അപ്പോൾ ആ രൂപത്തിൽ രണ്ടുകൂട്ടർക്കും ബാധകമാക്കത്തക്കവിധത്തിൽ ആ പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പി. വിശ്വൻ</u> : മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ജോലി ചെയ്യുമ്പോൾ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഈ സർക്കാർ വന്നതിനുശേഷം 50,000 രൂപ ആനുകൂല്യം കൊടുത്തിരുന്നത് ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത് എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതോടൊപ്പം തന്നെ അവർക്ക് കൊടുക്കുന്ന ഇൻഷ്വറൻസ് തുകയും വർദ്ധിപ്പിക്കുന്നുണ്ടോ; അത് വർദ്ധിപ്പിക്കുന്നുവെങ്കിൽ എത്ര രൂപയായിട്ടാണ് വർദ്ധിപ്പിക്കുന്നതെന്ന് പറയാമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : ക്ഷേമനിധിയിൽനിന്ന് കൊടുത്തിരുന്ന ധനസഹായം 25,000 രൂപ ഇപ്പോൾ 50,000 രൂപയാക്കി ഉയർത്തി. കൂടാതെ അവർക്കുവേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്. ആ ഇൻഷ്വറൻസ് പദ്ധതി പ്രകാരം നേരത്തെ ഉണ്ടായിരുന്നത് ഒരു ലക്ഷം രൂപയാണ്. അത് പിന്നീട് 1.5 ലക്ഷം രൂപയാക്കി ഉയർത്തി. ഇപ്പോൾ അത് രണ്ടു ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. അങ്ങനെ മൊത്തം 2.5 ലക്ഷം ഉറുപ്പിക കടലിലോ കായലിലോ മത്സ്യം പിടിക്കുന്നതിനിടയിൽ അപകടംപറ്റി മരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് കൊടുത്തുവരുന്നുണ്ട്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : മത്സ്യത്തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഭവനനിർമ്മാണം. കഴിഞ്ഞവർഷവും ഈ വർഷവുമൊക്കെ നിരവധി പേർക്ക് 10-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടുകൂടി ഭവനനിർമ്മാണ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. പക്ഷേ അതിലുള്ള ബുദ്ധിമുട്ട് എന്താണെന്നുവച്ചാൽ തീരപ്രദേശത്ത് അവർക്ക് വീടുവയ്ക്കാൻ കഴിയുന്നില്ല. കളക്ടറേറ്റുകൾവഴി കൊടുക്കുന്ന ആ ലോണുകൾപോലും ആ വീടുകളുടെ പ്ലാൻ സാങ്ഷനാക്കിക്കൊടുക്കാത്തതുകൊണ്ട് വിനിയോഗിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അങ്ങ് ലോക്കൽ അഡ്മിനിസ്ട്രേഷൻ മന്ത്രാലയവുമായി ബന്ധപ്പെട്ടുകൊണ്ട് അടിയന്തിരമായി ഇതിനൊരു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ വായ്പ വാങ്ങിയിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഇക്കാര്യം പ്രത്യേകം ശ്രദ്ധിച്ചു വേണ്ട നടപടി എടുക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : ഇക്കാര്യത്തിൽ സംസ്ഥാന ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിന്റെ മുൻപാകെ നിവേദനം കൊടുക്കുക മാത്രമല്ല ചെയ്തിട്ടുള്ളത്. കേന്ദ്രത്തിൽനിന്നും എം.പി. മാരുടെ ഒരു പഠനസംഘം ഇവിടെ വന്ന സമയത്ത് മുഖ്യമന്ത്രി തന്നെ നേരിട്ട് നിവേദനം നടത്തുകയുണ്ടായി. കേരളത്തിന് തീരദേശസംരക്ഷണനിയമം ബാധകമാക്കരുത്. കാരണം മത്സ്യത്തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളാകെ നടത്തുന്നത് തീരപ്രദേശത്താണ്. തീരദേശ സംരക്ഷണ നിയമം കേരളത്തിൽ ബാധകമാക്കിയാൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതിയൊന്നും ഇവിടെ നടപ്പാക്കാൻ പറ്റുകയില്ലെന്ന് അവരോട് പറഞ്ഞിട്ടുണ്ട്. മീൻവല ഉണക്കാൻപോലും പാടില്ലെന്നുണ്ട്. എന്നാൽ വല ഉണക്കൽ, ഐസ് പ്ലാന്റ് സ്ഥാപിക്കൽ, ഭവന നിർമ്മാണം, റോഡ് നിർമ്മാണം തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും തീരദേശ

LIBRARY ARCHIVES Kerala Legislative Assembly

വുമായി ബന്ധപ്പെട്ടാണ് നടത്തേണ്ടത്. ഇൻഡ്യയുടെ മറ്റുഭാഗങ്ങളെ അപേക്ഷിച്ച് നമ്മുടെ തീരപ്രദേശങ്ങൾക്ക് അതിന്റേതായ പ്രത്യേകതകളുണ്ട്. ആലപ്പുഴ ഭാഗത്ത് തോട്ടപ്പള്ളി കഴിഞ്ഞ് അങ്ങോട്ടുപോയാൽ നമ്മുടെ റോഡിൽവരെ തിര അടിക്കുകയാണ്. അതുകൊണ്ട് കേരളത്തെ തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ടുവേണം ഈ നിയമം നടപ്പാക്കേണ്ടതെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ നിയമം കേരളത്തിൽ നടപ്പാക്കുകയാണെങ്കിൽ അത് നമ്മുടെ തീരദേശത്തെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ട് തീരദേശസംരക്ഷണനിയമത്തിന്റെ പരിധിയിൽനിന്നും കേരളത്തെയും കർണ്ണാടകത്തെയും ഒഴിവാക്കണമെന്ന് എന്നോടൊപ്പമുണ്ടായിരുന്ന കർണ്ണാടക ഭക്ഷ്യവകുപ്പുമന്ത്രിയും ഞങ്ങൾ രണ്ടുപേരും അതിനെതിരെ വളരെ ശക്തമായിട്ട് വാദിച്ചു. അതുകൊണ്ട് കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രി ആ പ്രമേയം പിൻവലിക്കുകയാണുണ്ടായത്. മിക്കവാറും എം.പി. മാർ ചെല്ലാനത്തും മറ്റെല്ലാ തീരപ്രദേശങ്ങളിലും പോയി അവിടത്തെ സാഹചര്യം നേരിൽക്കണ്ട് മനസ്സിലാക്കിയിട്ടുണ്ട്. അവർക്ക് ഇക്കാര്യം വ്യക്തമായി ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച് എം.പി.മാരുടെ പഠനസംഘം റിപ്പോർട്ട് കൊടുത്തിട്ടുമുണ്ട്. കേരളത്തിൽ തീരദേശസംരക്ഷണനിയമം ബാധകമാക്കിയാൽ അത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് പറഞ്ഞുകൊണ്ട് റിപ്പോർട്ട് കൊടുത്തിരിക്കുകയാണ്.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : തീരദേശത്ത് പാർക്കുന്ന മത്സ്യത്തൊഴിലാളികൾ ഇതര സമൂഹത്തിൽനിന്ന് വ്യത്യസ്തമായി ഇന്ന് കടക്കെണിയിൽ അകപ്പെട്ടവരാണ്. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻവേണ്ടി ധനകാര്യസ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പ പലകാരണങ്ങൾകൊണ്ടും സമയത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ പലിശയും പിഴപ്പലിശയും കൂടിക്കൂടി അവർ കടക്കെണിയിൽപ്പെട്ടുപോകുന്നു. അതുകൊണ്ട് കടക്കെണിയിലായിരിക്കുന്ന ഇത്തരം മത്സ്യത്തൊഴിലാളികളെ കടത്തിൽനിന്നും രക്ഷിക്കാൻവേണ്ടി അവർക്ക് പലിശരഹിത വായ്പാസഹായപദ്ധതി കേരള സർക്കാർ ആവിഷ്കരിക്കുമോ; അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : ഫിഷറീസ് വകുപ്പിന്റെ കാര്യങ്ങളെക്കുറിച്ചുള്ള ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുന്ന അവസരത്തിൽ ഞാൻ ഇതിനുള്ള മറുപടി പറഞ്ഞതാണ്. കടക്കെണിയിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ കടത്തിൽനിന്നും രക്ഷിക്കുന്നതിനായി 5,000 ഉറുപ്പികവരെ അവർക്ക് കടം വീട്ടുന്നതിനായി ഒരു ക്രെഡിറ്റ്കാർഡ് സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. അതനുസരിച്ച് 5,000 ഉറുപ്പികവരെ കടം കിട്ടുന്നതാണ് എന്ന് ഞാൻ പ്രസ്താവിച്ചിരുന്നു. ആ പദ്ധതി ഇപ്പോഴും നടപ്പാക്കിവരുന്നുണ്ട്.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ നല്കിവരുന്ന പെൻഷൻ എത്രയാണ്; ഇന്നത്തെ വിലവർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ ജീവിതച്ചെലവ് ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് മത്സ്യത്തൊഴിലാളികൾ ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ടും അവരുടെ പെൻഷൻ തുക വർദ്ധിപ്പിച്ചുകൊടുക്കുന്നതിനുവേണ്ട നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : മത്സ്യത്തൊഴിലാളികളുടെ പെൻഷൻ തുക വർദ്ധിപ്പിച്ച് നൂറുരൂപയാക്കിയിട്ടുണ്ട്. അത് കഴിഞ്ഞകൊല്ലം മുതൽ നൽകിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly